July
10
2017
Monday

# റിഫോർമേഷൻ വോയ്സ്

www.reformationvoiceonline.com, Email: reformationonline@gmail.com

വാല്യം - 6
ലക്കം - 3
പേജ് - 8
കോട്ടയം

## ഭക്തവൽസലന്റെ നേതൃത്വത്തിൽ മ്യൂസിക് ഫെസ്റ്റ് ജൂലൈ 28ന് ആരംഭിക്കും



കോട്ടയം. പ്രശസ്ത സംഗീത ജ്ഞനായ പാസ്റ്റർ ഭക്തവൽസലൻ നയിക്കുന്ന സ്നേഹ സോപാനം മ്യൂസിക് ഫെസ്റ്റ് ജൂലൈ 28 മുതൽ ആഗസ്റ്റ് 15 വരെ നടത്തപ്പെടും. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നടത്തപ്പെടുന്ന പ്രോഗ്രാമിൽ കേരളത്തിലെ കലാകാരൻമാരോടൊപ്പം യുഎഇയിൽ നിന്നുള്ള എട്ടംഗ ടീമും പങ്കെടുക്കും. പരിപാടിയിൽ പാസ്റ്റർ ഭക്തവൽസലനെ കൂടാതെ മറ്റു പ്രശസ്ത ഗായകരും പങ്കെടുക്കും. നാൽപ്പത്താറു വർഷമായി സംഗീതരംഗത്തു സജീവമായ ദൈവദാസൻ രചിച്ച ഗാനങ്ങളാണ് മ്യൂസിക് ഫെസ്റ്റിൽ ആലപിക്കുന്നത്. പരിശുദ്ധൻ മഹോന്നതദേവൻ, പാടുവാൻ എനിക്കില്ലിനി ശബ്ദം തുടങ്ങി നിരവധി ഗാനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. തന്റെ ജീവിതാനുഭവങ്ങളാണ് പാട്ടുകളായി രൂപം കൊണ്ടത്. ഇന്ത്യാ ക്യാമ്പസ് ക്രൂസേഡിന്റെ സംഗീതവിഭാഗമായ ക്രൂസേഡ് ഫോർ ക്രൈസ്റ്റിന്റെ ദേശീയ സംഗീതവിഭാഗമായ ഹാർട്ട്ബീറ്റ്സിന്റെ ഡയറക്ടറായി പ്രവർത്തിച്ച വ്യക്തിയാണ് പാസ്റ്റർ ഭക്തവൽസലൻ. ബാംഗ്ലൂരിൽ പ്രവർത്തിച്ചുവരുന്ന ബേർശേബാ മിനിസ്ട്രീസ് ഇന്ത്യയുടെ ഡയറക്ടറാണ്.

## ഐപിസി മലബാർ മേഖലയ്ക്ക് പുതിയ നേതൃത്വം

കോഴിക്കോട്. ഐ പി സി മലബാർ മേഖലയ്ക്ക് പുതിയ നേതൃത്വം. ജൂൺ 22 ന് കോഴിക്കോട് തേഞ്ഞിപ്പലത്ത് നടന്ന മലബാർ മേഖലാ പൊതുയോഗത്തിൽ വച്ചാണ് പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തത്. പ്രസ്തുത യോഗത്തിൽ പ്രസിഡന്റായി പാസ്റ്റർ ജോൺ ജോർജ്ജ്, വൈസ് പ്രസിഡന്റുമാരായി പാസ്റ്റർ മോനി ചെന്നിത്തല, പാസ്റ്റർ സന്തോഷ് മാത്യു എന്നിവരും സെക്രട്ടറിയായി പാസ്റ്റർ ബിജോയി കുര്യാക്കോസും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ജോയിന്റ് സെക്രട്ടറിമാരായി ജയിംസ് വർക്കി, പാസ്റ്റർ കെ സി സ്കറിയ എന്നിവരും ട്രഷറാറായി ജോർജ്ജ് തോമസും ചുമതലയേറ്റു. ജില്ലാ കൺവീനർമാരായി പാസ്റ്റർമാരായ എം ജെ മത്തായി, ഏബ്രഹാം ജയിംസ്, ജോൺ വിക്ടർ, സജി പിറ്റി, കെ ഐ ഗീവർഗീസ്, ബിനു പി എന്നിവരെയും ജില്ലാ കോഡിനേറ്റർമാരായി കെ ജെ മാത്യു, അനിൽ കെ ജി, പി.ജെ സാം, വി.ഡി ബേബി, തോമസ് ജേക്കബ്, എന്നീ സഹോദരന്മാരെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഐ പി സി സംസ്ഥാന കൗൺസിൽ അംഗമായ സജി മത്തായി കാതേട്ട് റിട്ടേണിംഗ് ഓഫീസറായി തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ആറ് ജില്ലകളിലെ 30 സെന്ററുകളും 600ൽ പരം സഭകളും അടങ്ങിയതാണ് മലബാർ മേഖല. ഇവിടുത്തെ പ്രവർത്തനം ആരംഭിച്ചിട്ട് രണ്ടര പതിറ്റാണ്ടു പിന്നിടുമ്പോൾ രക്ഷാധികാരിയായ വി ജെ ജോർജ്ജ് പാസ്റ്ററുടെ നേതൃത്വത്തിൽ സുവിശേഷ ജീവകാരുണ്യ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുന്നുണ്ട്.

## പെന്തക്കോസ്തൽ യൂത്ത് കൗൺസിൽ നോർത്ത്സോൺ രൂപീകരിച്ചു



പാ. ജെ പി വെണ്ണിക്കുളം

കോഴിക്കോട്. പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജനവിഭാഗമായ പെന്തക്കോസ്തൽ .യൂത്ത് കൗൺസിലിന്റെ നോർത്ത്സോൺ രൂപീകരിച്ചു. കോഴിക്കോട് ട്രിനിറ്റി അസംബ്ലീസ് ഓഫ് ഗോഡിൽ വച്ചാണ് മീറ്റിംഗ് നടന്നത്.പി വൈ സി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ലിജോ കെ ജോസഫ് പ്രസ്തുതയോഗത്തിൽ അധ്യക്ഷനായിരുന്നു. സ്റ്റേറ്റ് സെക്രട്ടറി ബ്ലെസ്സിൻ മലയിൽ സ്വാഗതം ആശംസിച്ചു. സ്റ്റേറ്റ് മീഡിയ കൺവീനർ പാസ്റ്റർ ജെ പി വെണ്ണിക്കുളം മുഖ്യസന്ദേശം നൽകി. നോർത്ത് സോണിന്റെ ഭാരവാഹികളായി പാസ്റ്റർ സിജു സ്കറിയ (പ്രസിഡന്റ്), ബ്രദർ ജെയിംസ് വർക്കി( സെക്രട്ടറി), പാസ്റ്റർ റോയി പി ജോർജ്ജ് (ട്രഷറാർ) എന്നിവർ ചുമതലയേറ്റു. കൂടാതെ വൈസ് പ്രസിഡന്റുമാരായി പാസ്റ്റർമാരായ ജോമോൻ ജോസഫ്, റെയ് രാജ്, ജസ്റ്റിൻ രാജ് വിക്ടർ, ഇവാ. ബിജേഷ് കെ തോമസ്, ബ്രദർ ജിനു രാജു എന്നിവരും ജോയിന്റ് സെക്രട്ടറിമാരായി പാസ്റ്റർ വില്യം ജേക്കബ്, പാസ്റ്റർ ആന്റണി ജോർജ്ജ്, ബ്രദർ ജോൺ പോൾ, ബ്രദർ ജെഡ്സൺ ജേക്കബ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ എൽദോസ് കുര്യാക്കോസ് പ്രയർ കൺവീനറായും പാസ്റ്റർ ഷാജി സിസിൽ മീഡിയ കൺവീനറായും ബ്രദർ അജയൻ എസ് ചാരിറ്റി കൺവീനറായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വിവിധ പെന്തക്കോസ്തു സഭകളുടെ യുവജനങ്ങൾ അണിനിരക്കുന്ന സംയുക്തവേദിയാണ് പി വൈ സി.

## റാങ്കിന്റെ തിളക്കവുമായി ആരൺ ജോൺ



ആരൺ ജോൺ സാബു

തിരുവനന്തപുരം. റാങ്കിന്റെ തിളക്കവുമായി പെന്തക്കോസ്തു വിദ്യാർത്ഥി. ഐ പി സി തബോർ സഭയിലെ അംഗമായ ആരൺ ജോൺ സാബുവാണ് ഐഐടി അഖിലേന്ത്യ പ്രവേശനപരീക്ഷയിൽ റാങ്കു നേടിയത്. IIT പ്രവേശന പരീക്ഷയായ JEE Advanced പരീക്ഷയിൽ 9402മത്തെ റാങ്കാണ് ആരൺ കരസ്ഥമാക്കിയത്. കേരളത്തിൽ നിന്ന് രണ്ടുപേർ മാത്രമാണ് പരീക്ഷയിൽ നൂറിൽത്താഴെ റാങ്കിന് അർഹനായത്. കേരളത്തിൽ നിന്ന് ഇതിനു മുമ്പ് ഡോ രാജു നാരായണ സ്വാമി ഐ എ എസിനു മാത്രമേ —നൂ റിൽ താഴെ റാങ്ക് ലഭിച്ചിട്ടുള്ളു. തിരുവനന്തപുരം സെന്റ് തോമസ് സെൻട്രൽ സ്കൂളിൽ പഠിച്ചി രുന്ന ആരൺ ബോർഡ് പരീക്ഷകളിൽ എ വൺ ഗ്രേഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. സ്കോളർഷിപ്പ് ടാലന്റ് പരീക്ഷകളിലും ആരൺ ഒന്നാമതെത്തിയിട്ടുണ്ട്. ട്യൂഷനുകൾക്കോ കോച്ചിങ്ങുകൾക്കോ പോകാതെ കരസ്ഥമാക്കിയ ഈ വിജയം ദൈവാശ്രയത്തിന്റേതാണെന്ന് ആരന്റെ പിതാവ് സാബു ജോൺ പറഞ്ഞു. ജെസ്സിയാണ് ആരന്റെ മാതാവ്. സഹോദരി പ്രിസില്ല തങ്കം സാബു മെഡിക്കൽ വിദ്യാർത്ഥിനിയാണ്.

എഡിറ്റോറിയൽ — പേജ് 2
ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കരുത് — പേജ് 3
നുഴഞ്ഞുകയറ്റം തടയാം — പേജ് 5
നിങ്ങളായിരിക്കും ആ ഏകവ്യക്തി — പേജ് 7
ജോലി ചെയ്യാൻ മന്ത്രമോതിരം — പേജ് 8

## എഡിറ്റോറിയൽ ...

ജോർജ്ജ് വറുഗീസ് തൈപ്പറമ്പിൽ
thaipparambil01@yahoo.com



# കുഞ്ഞുമക്കളെ സ്നേഹിക്കാം

**മക്കളെ സ്നേഹിക്കുക എന്നാൽ മക്കളെ ശിക്ഷിക്കാതിരിക്കുക എന്നതല്ല. അവർ ആവശ്യപ്പെടുന്നതെന്തും മുന്നും പിന്നും നോക്കാതെ വാങ്ങിക്കൊടുക്കലുമല്ല സ്നേഹം. യഥാർത്ഥ മനുഷ്യരും മൂല്യമുള്ളവരുമായി അവരെ വളർത്തിയെടുക്കാൻ മാതാപിതാക്കൾ നൽകുന്ന വിലയാണ് സ്നേഹം.**

‘ഒരുപാടു വിഭവങ്ങൾ നമുക്കായി ഒരുക്കിയിരിക്കുന്ന പ്രകൃതി നമുക്കുണ്ട്. ഓരോ വ്യക്തിയ്ക്കും ജീവിക്കുന്നതിനാവശ്യമായ സകലതും നമുക്ക് ലഭിക്കും. എന്നാൽ ഏറ്റവും ശ്രേഷ്ഠമായ പ്രകൃതി വിഭവം കുഞ്ഞുങ്ങളാ’ണെന്ന് നമുക്കറിയാം. എന്നാൽ നമ്മുടെ കുഞ്ഞുമക്കളെ സ്നേഹിക്കാൻ നാം ശ്രമിക്കാറുണ്ടോ എന്നത് ചിന്തനീയമാണ്. ഒരു വയസുള്ള പിഞ്ചു കുഞ്ഞിനെ ഡേ കെയറിലെ ആയ ഉപദ്രവിക്കുന്ന ദൃശ്യങ്ങൾ കേരളം ഞെട്ടലോടെയാണ് കണ്ടത്. കുഞ്ഞുങ്ങളെ ഡേ കെയറിലാക്കി പോകുന്ന അമ്മമാരെ നമ്മൾ കുറ്റപ്പെടുത്തിയേക്കാം. എന്നാൽ അത് അവരുടെ സാഹചര്യമെന്നേ പറയാൻ കഴിയൂ. എന്നാൽ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിന് തയാറാകുന്ന ആയമാരും ജീവനക്കാരും മനുഷ്യത്വമില്ലാതെ പെരുമാറിയാൽ എന്തുചെയ്യും? ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളത്തെ പൗരന്മാർ എന്നു നമുക്കറിയാം. കുഞ്ഞുങ്ങളെ ഒരുപാടു ശിക്ഷിച്ചാൽ അവർ മര്യാദക്കാരായി വളരുമെന്നാണ് ചിലരുടെയെങ്കിലും ധാരണ. എന്നാൽ അമിതശിക്ഷ അവരെ റിബലുകളാക്കി മാറ്റിയേക്കാം. ഒരു സ്ത്രീ ഒരു പെൺകുട്ടിയെ നിർബാധം തല്ലിച്ചതയ്ക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായി. ഈ സ്ത്രീയെപ്പറ്റി ചിന്തിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ഒരു കുട്ടിയായതിനാൽ മാത്രമാണ് അവർ അതിനു മുതിർന്നത്. അതിനൊരിക്കലും തന്നെ തിരിച്ചു തല്ലാൻ കഴിയില്ലെന്ന് നന്നായി അറിയാവുന്നതിനാൽ മാത്രമാണ് ഇത്തരക്കാർ കുഞ്ഞുങ്ങളോട് ക്രൂരത കാണിക്കുന്നത്. നമ്മുടെ സ്കൂളുകളിലും അവസ്ഥ മറിച്ചല്ല. ഡസ്കിൽ തല വച്ച് ഉറക്കുന്ന കുഞ്ഞുങ്ങൾക്കിടയിലൂടെ തടിസ്കെയിലുമായി നടക്കുന്ന ടീച്ചർ ഏതെങ്കിലും കുരുന്നിന്റെ തലയൊന്നു പൊങ്ങിയാൽ തലയിൽ സ്കെയിലുകൊണ്ട് പ്രഹരിക്കുമ്പോൾ നിസഹായരായിപ്പോകുന്ന ആ പിഞ്ചുമക്കളുടെ അവസ്ഥ എന്തേ മനസിലാക്കാൻ കഴിയാതെ പോകുന്നു? ‘മക്കളെ സ്നേഹിക്കുക എന്നാൽ മക്കളെ ശിക്ഷിക്കാതിരിക്കുക എന്നതല്ല. അവർ ആവശ്യപ്പെടുന്നതെന്തും മുന്നും പിന്നും നോക്കാതെ വാങ്ങിക്കൊടുക്കലുമല്ല സ്നേഹം. യഥാർത്ഥ മനുഷ്യരും മൂല്യമുള്ളവരുമായി അവരെ വളർത്തിയെടുക്കാൻ മാതാപിതാക്കൾ നൽകുന്ന വിലയാണ് സ്നേഹം.’ നമുക്ക് സമ്പാദിക്കുന്നതിനായി മക്കളെ മറ്റുള്ളവരെ ഏൽപ്പിച്ചു നാം പോകുമ്പോൾ ഓർക്കേണ്ടത് നാളെ അവർക്കു സമ്പാദിക്കേണ്ടി വരുമ്പോൾ അവർ നിരുപാധികം നമ്മളെ മറ്റുള്ളവരെ ഏൽപിച്ച് പോകും എന്നതാണ്. കുഞ്ഞുങ്ങൾ ചോദിക്കുന്നതെന്തും വാങ്ങിക്കൊടുക്കലും അവരെ നല്ല സ്കൂളിലയച്ച് പഠിപ്പിക്കലുമാണ് സ്നേഹമെന്നും നമ്മിൽ ചിലർ തെറ്റിദ്ധരിക്കാറുണ്ട്. എന്നാൽ കുഞ്ഞുങ്ങളോടൊപ്പം ചെലവിടാനും അവരെ കേൾക്കാനും അവരോടു സംസാരിക്കാനും മാതാപിതാക്കൾ സമയം കണ്ടെത്തണം. മാത്രമല്ല തെറ്റുകൾ കാണുമ്പോൾ ഉചിതമായ രീതിയിൽ അവരെ തിരുത്തുകയും ശിക്ഷിക്കുകയും വേണം. സ്നേഹിക്കുന്ന കുഞ്ഞുങ്ങളെ അവർക്ക് തെറ്റു മനസിലാക്കിക്കൊടുത്തശേഷം ശിക്ഷിക്കുന്നത് ഉചിതമാണ്. ശിക്ഷിക്കുമ്പോൾ നമ്മൾ ഒരിക്കലും നമ്മുടെ ദേഷ്യം തീർക്കാൻ വേണ്ടിയല്ല തിരുത്തുന്നതിനാണ് ശിക്ഷിക്കുന്നതെന്ന് കുഞ്ഞുങ്ങൾക്ക് ബോധ്യമാകുംവിധം വേണം അതു ചെയ്യേണ്ടത്. അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവരെ ദൈവവചനം അഭ്യസിപ്പിക്കുകയും ചെയ്താൽ എത്രയൊക്കെ പ്രതികൂല സാഹചര്യങ്ങൾ വന്നാലും പതറാത്തവരായി തളരാത്തവരായി നമ്മുടെ തലമുറ വളർന്നുകൊള്ളും. കുഞ്ഞുങ്ങളെ ദൈവകരങ്ങളിൽ സമർപ്പിക്കുക. നമ്മൾ ചെയ്യേണ്ടത് ചെയ്താൽ ദൈവം ചെയ്യേണ്ടത് ദൈവം ചെയ്തുകൊള്ളും. അനുഗ്രഹിക്കപ്പെട്ട ഒരു തലമുറയ്ക്കായി പ്രയത്നിക്കാം.

---

ഹെൻട്രി എച്ച് വാലി | ബൈബിൾ വിജ്ഞാനം

## അസ്സീറിയ




അസ്സീറിയൻ സാമ്രാജ്യമാണ് യിസ്രായേൽ സാമ്രാജ്യത്തെ നശിപ്പിച്ചത്. സമീപകാലത്ത് അസ്സീറിയൻ രാജാക്കന്മാരുടെ സംഭവചരിത്ര രേഖകൾ കണ്ടെത്തിയതിൽ തങ്ങളുടെ പോരാട്ട നേട്ടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒമ്രി, ആഹാബ്, യേഹു,മെനഹേം, പേക്കഹ്, ഹോശേയ, ഉസ്സിയാവ്, ആഹാസ്, ഹിസ്ക്കിയാവ്, മനശ്ശെ. ബൈബിൾ ഭാഷ്യത്തെ ദൃഢപ്പെടുത്തുന്ന പല പ്രസ്താവനകളും അതിലുണ്ട്. നിനെവേയായിരുന്നു അതിന്റെ തലസ്ഥാനം. കീഴ്പെടുത്തപ്പെട്ടവരെ മറ്റ് സ്ഥലങ്ങളിലേക്ക് നാടുകടത്തി, അവരുടെ ദേശീയ ബോധത്തെ തകർത്ത് അനായാസം അവരെ പ്രജകളാക്കുകയായിരുന്നു അസ്സീറിയൻ നയം. അസീറിയക്കാർ മികച്ച പടയാളികളായിരുന്നു. അന്ന് അധികജനസഞ്ചയങ്ങളും കൊള്ളക്കാരായിരുന്നു. അസീറിയക്കാർ അവരിൽ ഹീനരായിരുന്നു. മറ്റ് ജനതതിയിൽ നിന്നുള്ള അപഹത്യസ്വത്തുക്കൾ ഉപയോഗിച്ചാണ് അവർ തങ്ങളുടെ നഗരം പണിതത്. അവർ ക്രൂരത കാട്ടി. മറ്റുള്ളവർക്ക് ഭീതി ഉയർത്തുവാനായി അവർ ജീവനുള്ളവരുടെ തൊലി ഉരിഞ്ഞു. കൈകൾ, മൂക്ക്, ചെവി, പാദങ്ങൾ ഇവ ഛേദിച്ചു. കണ്ണ് ചൂഴ്ന്നെടുത്തു. നാക്കു മുറിച്ചു. 2000 ബി സിയ്ക്കു മുമ്പ് ബാബിലോണിൽ നിന്നുള്ള കുടിയേറ്റക്കാരാണ് അസീറിയായുടെ സ്ഥാപകർ. അനേകനൂറ്റാണ്ടുകാലം അവർ ബാബിലോണിനോട് വിധേയരോ അതിനെതിരെ പോരാട്ടക്കാരോ ആയിരുന്നു. ഉദ്ദേശം 1300 ബി സിയിൽ ശൽമനേസർ 1, ബാബിലോണ്യ നുകം തട്ടിയെറിഞ്ഞ് മുഴുവൻ യൂഫ്രട്ടീസ് താഴ്‌വരയെയും ഭരിച്ചു. പിന്നീട് അസീറിയ പിന്മാറി. തുടർന്ന് തുഗ്ലക്ക് പിലേസർ അസീറിയയെ ഒരു ശ്രേഷ്ഠസാമ്രാജ്യമാക്കിത്തീർത്തു. പിന്നീടുണ്ടായ ഒരു പതനത്തിനും ശേഷം ചില രാജാക്കന്മാരുടെ ഭരണത്തിൻ കീഴിൽ ഒരു വിശ്വസാമ്രാജ്യമായിത്തീർന്നു.

---

## Refomation Voice

**Chairman**
Tojo Thomas Meemplattu
**Cheif Editor**
Geroge Thaipparambil
**Executive editor**
Tommy Philip (Qatar)
**Associate Editor**
Anu George
**Managing editor**
Boby Thomas, Kuwait
**Circulation Manager**
Denny Thannikal

**Advisory Board**
Dr. T.P. Abraham
Dr. Reji Samuel
Rev. K.T.Thomas
Rev. C.M. Thomas
**Senior Executives**
Abraham Mannamaruthy
Jose Mathew Ernakulam

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക

www.reformationvoiceonline.com
Email: reformationonline@gmail.com
Ph.+919744132025,+919744982222, +447492599939

**Regional Co-ordinators**
K V John Kathettu (south Kerala)
Blesson George (central Kerala)
Sam C Baby (central Kerala)
Saji Kathodu (Malabar)
Biju Mathew (Gulf)
Godlee Cherian (England)
Alias John (Australia)
George Jacob (Kolkata)
Blesson K. Philip (Bangalore)
Cinto Varghese (Mumbai)
George Varghese (U.A.E)
Shebu Tharakan (Qatar)
Philip T George ( Walls)
Paulson Edayathu (Oman)

## പരസ്യനിരക്ക്

**Full Page - 2000/-** | **Half Page- 1200/-**
**Quarter Page - 700/-** | **Compliment Page - 300/-**
**Matrimonial - 100/-** | **Website / month -1000/-**

നിങ്ങളുടെ പരസ്യത്തിന്റെ തുക അയച്ചുതരേണ്ടത്
Bank : SBI, Kangazha,Tojo Thomas A/c No.30186292940
IFC Code: SBIN0008624
**നിങ്ങളുടെ ലേഖനങ്ങൾ, കവിതകൾ, കഥ,മറ്റ് ഇതരകൃതികൾ എല്ലാ മാസവും 25–ാം തിയതിക്കകം അയച്ചുതരിക.**
**Email:reformationonline@gmail.com**

റിഫോർമേഷൻ വോയ്സിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർത്താക്കൾക്ക് മാത്രമാണ് — ചീഫ് എഡിറ്റർ

ജോർജ്ജ് ബഹനാൻ റ്റി

# ഇരുട്ടു കൊണ്ട് ഓട്ട അടയ്ക്കരുത്

രാജാവിന്റെ കൊട്ടാരത്തിന് മുന്നിൽക്കൂടി എന്നും ഒരു മനുഷ്യൻ വിശറിയുമായി കടന്നു പോകും. വിശറി വേണോ എന്ന അലർച്ച എന്നും കൊട്ടാരത്തിൽ കേൾക്കാം. ഇടയ്ക്കിടയ്ക്ക് വിശറിയുടെ ഗുണഗണങ്ങളേപ്പറ്റിയും അയാൾ ഉച്ചത്തിൽ അലറി. നിങ്ങൾ ഒരിക്കലും കണ്ടിട്ടില്ലാത്ത ആരും ഉണ്ടാക്കിയിട്ടില്ലാത്ത വിശറി എന്നാണ് അയാൾ അവകാശപ്പെടുന്നത്. പക്ഷേ രാജാവിന് ധാരാളം തരത്തിലുള്ള വിശറിയുടെ ശേഖരം ഉണ്ട്. ഒരു ദിവസം രാജാവ് വിശറിക്കാരനെ കാണാൻ പുറത്തേക്കുനോക്കി. രാജാവിന് ആ വിശറികൾ വളരെ സാധാരണമായിട്ടേ രാജാവിന് തോന്നിയുള്ളു. ഒരു പത്തു പൈസ പോലും അതിന് വിലവരില്ല.

രാജാവ് വിശറിക്കാരനെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. ഈ വിശറിയുടെ പ്രത്യേകത എന്താണ്, എന്തുവില തരണം എന്ന് രാജാവ് ചോദിച്ചു. വിശറിക്കാരൻ പറഞ്ഞു. രാജാവേ ഈ പ്ര ത്യേകത കണക്കിലെടുക്കുമ്പോൾ ആ വിശറിയുടെ വില വളരെ തുച്ഛം. ഒരു വിശറിയ്ക്ക് നൂറു രൂപ മാത്രം. എല്ലായിടത്തും കിട്ടുന്ന ഈ വിശറിയ ്ക്ക് നൂറു രൂപയോ രാജാവ് അത്ഭുതത്തോടെ ചോദിച്ചു. എന്താണിതിന്റെ പ്രത്യേകത? പ്രഭോ ഈ വിശറിയ്ക്ക് നൂറു വർഷത്തെ ഗ്യാരന്റിയുണ്ട്. നൂറു വർഷത്തേക്ക് ഇതിനൊരു കേടും വരികയില്ല. ഈ വിശറിയ്ക്ക് ഒരാഴ്ച ആയുസ്സുണ്ടെന്നു തോന്നുന്നില്ല. ചതിയൻ, നീ എന്നെ കളിപ്പിക്കാൻ നോക്കുയാണോ? അതും ഒരു രാജാവിനെ. രാജാവ് ശബ്ദമുയർത്തിപ്പറഞ്ഞു.

രാജാവേ, അങ്ങയെ കളിപ്പിക്കാൻ എനിക്കെന്തു ധൈര്യം.ഈ കൊട്ടാരത്തിന്റെ മുമ്പിൽക്കൂടി ഞാൻ എന്നും വിശറിയുമായി നടന്നു പോകുന്നു. ഒരു വിശറിയ്ക്ക് നൂറു രൂപ വിലയാണ്. വില ഒരു പൈസയും കുറയ്ക്കില്ല. അത് നൂറു വർഷം നിലനിന്നില്ലെങ്കിൽ ഞാൻ ഉത്തരവാദിയാണ്. ഞാൻ എന്നും കൊട്ടാരത്തിന്റെ മുമ്പിൽ കൂടി പോകും. അതു തന്നെയല്ല എന്റെ രാജ്യത്തെ രാജാവിനെ കളിപ്പിച്ചിട്ട് എനിക്കെങ്ങനെ ഈ രാജ്യത്ത് ജീവിക്കാൻ പറ്റും. വിശറിക്കാരൻ കള്ളം പറയുകയില്ല എന്ന തോന്നലിൽ രാജാവ് എത്തി. രാജാവ് വിശറി നൂറു രൂപയ്ക്ക് വാങ്ങിച്ചു. വിശറിക്കാരൻ ഏഴു ദിവസത്തിനു ശേഷം കൊട്ടാരത്തിൽ എത്താനും രാജാവ് കൽപ്പന കൊടുത്തു.

രാജാവ് വിശറി ഉപയോഗിച്ച് മൂന്നാലു ദിവസം കഴിഞ്ഞപ്പോൾ വിശറിയുടെ പിടി ഊരിപ്പോയി. ബാക്കിയുള്ള ഭാഗങ്ങൾ കീറിപ്പറിഞ്ഞു. നൂറു വർഷത്തെ ഗ്യാരന്റി പറഞ്ഞ വിശറി മൂന്നു ദിവസം കൊണ്ടു കീറിപ്പറിഞ്ഞു. വിശറിക്കാരൻ കളിപ്പീരുകാരനാണെന്നും അയാൾ ഒരിക്കലും തിരിച്ചു വരില്ലെന്നും രാജാവ് വിചാരിച്ചു. പക്ഷേ രാജാവിനെ അത്ഭുതപ്പെടുത്തിക്കൊണ്ട് വിശറിക്കാരൻ ഏഴാം ദിവസം രാജാവിന്റെ കൊട്ടാരത്തിലെത്തി രാജാവിനെ മുഖം കാണിച്ചു. വിശറിക്കാരനെ കണ്ട മാത്രയിൽത്തന്നെ രാജാവ് ദേഷ്യം കൊണ്ട് വിറച്ചു. താൻ വെറും മൂഢനാണ്. രാജാവിനെ കളിപ്പി ക്കാമെന്നു വിചാരിച്ചോ?നൂറു വർഷം ഗ്യാരന്റിയും നൂറു രൂപ വിലയുമുള്ള വിശറി മൂന്നു ദിവസം കൊണ്ട് പൊളിഞ്ഞു. ഇതൊന്നും കേട്ട് വിശറിക്കാരൻ കുലുങ്ങിയില്ല. അയാൾ അക്ഷോഭ്യനായി വിനയത്തോടെ പറഞ്ഞു. പ്രഭോ അവിടത്തേക്ക് വിശറി ഉപയോഗിക്കാൻ അറിയില്ല എന്ന് എനിക്കു തോന്നുന്നു. ഞാൻ തന്ന വിശറി നൂറു വർഷം ഉപയോഗിക്കാമെന്ന് എനിക്ക് ഉറപ്പുണ്ട്.രാജാവിന് എങ്ങനെയാണ് വിശറി ഉപയോഗിക്കേണ്ടത് എന്നറിയില്ല. ഇതു കേട്ടപ്പോൾ രാജാവ് ദേഷ്യം കൊണ്ട് ചാടിയെണീറ്റു. അതു ശരി ഇനി താനെന്നെ വിശറി വീശാനും പഠിപ്പിക്കും അല്ലേ? അപ്പോഴും വിശറിക്കാരൻ വളരെ സമാധാനത്തോടെ രാജാവിനോടു പറഞ്ഞു. അവിടുന്ന് എന്നോട് ദേഷ്യപ്പെടരുത്. അവിടുന്ന് എങ്ങനെയാണ് വിശറി ഉപയോഗിച്ച് വീശിയത്. രാജാവ് ഉടനെ പൊളിഞ്ഞ വിശറി എടുത്ത് വീശിക്കാണിച്ചു. അപ്പോൾ വിശറിക്കാരൻ പറഞ്ഞു. അവിടെയാണ് രാജാവിന് തെറ്റുപറ്റിയത്. ഇങ്ങനെയല്ല വീശുന്നത്. വിശറിയുപയോഗിക്കാൻ മറ്റു രീതികളുണ്ടോ എന്ന് രാജാവ് ചോദിച്ചു. ഉണ്ടല്ലോ രാജാവേ. വിശറിക്കാരൻ കൂളായി പറഞ്ഞു. ഞാൻ തന്ന വിശറി നിങ്ങളുടെ മുഖത്തിന് മുമ്പിൽ അനക്കാതെ പിടിക്കുക. എന്നിട്ടീ തല അങ്ങോട്ടുമിങ്ങോട്ടും വിശറി ആട്ടുന്നതുപോലെ ആട്ടുക. അങ്ങനെയാണെങ്കിൽ ഞാൻ തന്ന വിശറി നൂറു വർഷത്തിൽ കൂടുതൽ ഉപയോഗിക്കാം. വിശറിക്ക് ഒരു കേടും സംഭവിക്കില്ല. രാജാവ് വിശറി വീശിയ രീതി തെറ്റായിപ്പോയി. അതുകൊണ്ട് എന്റെ വിശറിയ്ക്ക് എന്താണ് കുറ്റം. രാജാവ് തെറ്റായി വീശി. അതാണ് പ്രശ്ന മായത്. രാജാവ് ഒന്നും സംസാരിക്കാനാവാതെ കുറേ നേരം ഇരുന്നു. ഈ കഥ ആദ്യമായിട്ടാണ് വായിക്കുന്നതെങ്കിലും ഇതിലെ വിശറി വിൽപനക്കാരൻ നമുക്ക് സുപരിചിതമായ വ്യക്തികളാണ്. ഇവർ ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുന്നവരാണ്. വീണിടത്തു കിടന്നുരുളാൻ ഇക്കൂട്ടർക്ക് അപാരകഴിവാണ്. മനശാസ്ത്രപരവും ആത്മീയവും ധാർമ്മീകവുമായ വൈകല്യങ്ങളിലൂടെ കാലഘട്ടങ്ങളായി അനേകം സത്യങ്ങളെ പലപ്രാവശ്യം വളച്ചൊടിച്ചിട്ടുണ്ട്. അവസാനം യഥാർത്ഥ്യ സത്യം തന്നെ തിരിച്ചറിയപ്പെടാൻ സാധിക്കാതെ വരുന്നു. നമ്മുടെ സഭകളിലും ഇത്തരത്തിലുള്ള വിശറി വിൽപ്പനക്കാർ ധാരാളമുണ്ട്. ബിഷപ്പാകാനും സെക്രട്ടറിയാകാനും ഏതു ഗ്രൂപ്പിലേക്കും ഏതുസമയത്തും ചാടാൻ ഇവർക്ക് യാതൊരു മടിയുമില്ല. ആരുടെയും കാഴ്ച സ്വീകരിക്കാനും ഏതു നേതാവിനെയും ചുമക്കാനും ഇവർ തയാറാണ്. ഇവരെ വേദപുസ്തകം ഭോഷന്മാർ എന്നാണ് വിളിക്കുന്നത്. ഇവരുടെ മുതുകിന് വടിയാണ് ആവശ്യം.

> ഇവർ ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുന്നവരാണ്. വീണിടത്തു കിടന്നുരുളാൻ ഇക്കൂട്ടർക്ക് അപാരകഴിവാണ്. മനശാസ്ത്രപരവും ആത്മീയവും ധാർമ്മീകവുമായ വൈകല്യങ്ങളിലൂടെ കാലഘട്ടങ്ങളായി അനേകം സത്യങ്ങളെ പലപ്രാവശ്യം വളച്ചൊടിച്ചിട്ടുണ്ട്. അവസാനം യഥാർത്ഥസത്യം തന്നെ തിരിച്ചറിയപ്പെടാൻ സാധിക്കാതെ വരുന്നു.

വ്യക്തിത്വ വികസനം

എൻ മൂസക്കുട്ടി

## വിനയവമുള്ളവരാകൂ




ഏതു മേഖലയിൽ വിജയം കൈവരിച്ച വ്യക്തിയായാലും അതു കാത്തു സൂക്ഷിക്കണമെങ്കിൽ വിനയം കൂടിയേ തീരു. വിനയമാണ് എല്ലാ സൽഗുണങ്ങളുടെയും അമ്മ എന്ന് വോൾട്ടയർ പറഞ്ഞത് അതുകൊണ്ടാണ്. മഹത്വത്തിന്റെയും ശ്രേഷ്ഠതയുടെയും ഉരകല്ല് വിനയമാണെന്ന് ജോൺ റസ്കിൻ പറഞ്ഞതും ഇതേ അർത്ഥത്തിലാണ്. മഹാനാ യ ഒരു വ്യക്തി എപ്പോഴും വിനയമുള്ളവനായിരിക്കും. അഹംഭാവമുള്ള വ്യക്തി എത്ര ഉന്നതനായിരുന്നാലും ആരും അയാളെ ഇഷ്ടപ്പെടുകയില്ല. മനുഷ്യന്റെ ഗർവ്വ് അവനെ താഴ്ത്തിക്കളയും. മനോവിനയമുള്ളവനോ മാനം പ്രാപിക്കും എന്ന് ബൈബിൾ പറയുന്നു. എല്ലാം അറിയാമെന്നു നടിക്കുന്ന ചിലർ നമ്മുടെ സമൂഹത്തിലുണ്ട്. തങ്ങൾ പഠിച്ചതെല്ലാം പൂർണ്ണമാണെന്ന് അവർ വിശ്വസിക്കുന്നു. ഇനിയൊന്നും മന സിലാക്കാനില്ലെന്ന് അവർ നടിക്കുകയോ വീമ്പിളക്കുകയോ ചെയ്യുന്നു. വിനയത്തിന്റെ കണികപോലും തൊട്ടു തീണ്ടിയിട്ടില്ലാത്ത അവർ വാസ്തവത്തിൽ അൽപന്മാരാണ്. അധ്യയനമെന്നത് ജീവിതാവസാനം വരെ നീണ്ടു നിൽക്കുന്ന ഒരു പ്രക്രിയയാണ്. താൻ എല്ലാം തികഞ്ഞവനാണെന്ന് വിനയാന്വിതനായ ഒരാൾ ഒരിക്കലും വീമ്പിളക്കുകയില്ല. മഹാന്മാരായ വ്യക്തികൾ തങ്ങളുടെ തെറ്റുകൾ മറ്റുള്ളവരുടെ മുമ്പാകെ തുറന്നു പറയാൻ തക്ക വിനയമുള്ളവരാണ്. മഹാപണ്ഡിതനായ സാമുവേൽ ജോൺസൺ ഇതിനൊരു ഉദാഹരണമാണ്. താൻ പുതുതായി പ്രസിദ്ധീകരിച്ച ഒരു ഡിക്ഷ്ണറിയിലെ തെറ്റ് ചൂണ്ടിക്കാണിച്ച വ്യക്തി യോട് അത് എന്റെ അറിവി ല്ലായ്മയാണ് എന്ന് പ്രതികരിക്കാൻ അദ്ദേഹം തയാറായി. ജീവിതത്തിൽ നാം പല ഉയർന്ന നേട്ടങ്ങളും കൈവരിച്ചേക്കാം. എന്നാൽ ദുരഭിമാനവും ഗർവ്വും നമുക്കപ്പോൾ ഉണ്ടാകരുത് എന്ന മാവോസേതുങ്ങിന്റെ വാക്കു കളോടൊപ്പം വിനയം ദ്രുതഗ തിയിലുള്ള വിജയത്തിന്റെ താക്കോലാണ് എന്ന ഗാന്ധി ജിയുടെ വാക്കുകൾ കൂടി ചേർത്തു വായിക്കൂ.

# ബി എസ് എൻ എൽ കണക്ഷൻ ആധാറുമായി ബന്ധിപ്പിക്കാൻ നടപടി




കൊല്ലം . ബി എസ് എൻ എൽ മൊബൈൽ കണക്ഷനുകൾ ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. പോസ്റ്റ്പെയ്ഡ്, പ്രീപെയ്ഡ് കണക്ഷനുകളാണ് ആദ്യഘട്ടത്തിൽ ആധാറുമായി ബന്ധിപ്പിക്കുന്നത്. ഇതിനായി ബി എസ് എൻ എല്ലിന്റെ കസ്റ്റമർ സർവീസ് സെന്ററുകളിലും അംഗീകൃത ഏജൻസികളിലും സൗകര്യമുണ്ട്. ആധാർ നമ്പറും ഒപ്പം കണക്ടു ചെയ്യേണ്ട മൊബൈലും കൈവശം ഉണ്ടായിരിക്കണം. ലിങ്ക് ചെയ്യുന്ന സമയത്ത് ഒരു ഒടിപി നമ്പർ മൊബൈൽ നമ്പറിലേക്ക് എത്തും. മറ്റൊരു വ്യക്തിയുടെ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ചെടുത്ത കണക്ഷനുകൾ സ്വന്തം പേരിലേക്ക് ആക്കുന്നതിനും നിലവിൽ സൗകര്യമുണ്ട്. ഇതിനായി സ്വന്തം ആധാർ കാർഡുമായി എത്തി വേരിഫിക്കേഷൻ നടത്തിയാൽ മതിയാകും. അടുത്ത ജനുവരി 31 നകം മൊബൈൽ നമ്പറുകൾ ആധാറുമായി ബന്ധിപ്പിക്കണമെന്നാണ് ലഭ്യമായ നിർദ്ദേശം. ഇത്തരത്തിൽ ലിങ്ക് ചെയ്യാത്ത നമ്പറുകൾ പിന്നീട് ഉപയോഗശൂന്യമാകും. ഇപ്പോൾ നൽകുന്ന പുതിയ കണക്ഷന് ആധാർ നമ്പറാണ് അടിസ്ഥാന തിരിച്ചറിയൽ രേഖയായി സ്വീകരിക്കുന്നത്.

# ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കേരളം മുന്നിൽ

കൊച്ചി. ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കേരളം മുന്നിൽ. ഇന്ത്യയിൽ മൊത്തം 18,760 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. ഇതിൽ 9104 പേർ കേരളത്തിലാണത്രേ. തൊട്ടുപിന്നിൽ തമിഴ്നാടാണ്. 4174 പേരാണ് തമിഴ്നാട്ടിൽ ഡെങ്കിപ്പനി ബാധിതർ. നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമാണ് ഇതു സംബന്ധിച്ച കണക്കുകൾ പുറത്തുവിട്ടത്. മഴക്കാലത്തിന്റെ നേരത്തെയുള്ള വരവാണ് പകർച്ചപ്പനി കേരളത്തിൽ പടർന്നുപിടിക്കാൻ കാരണമായതെന്നാണ് വിലയിരുത്തൽ . എന്നാൽ ഇതേക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് കേന്ദ്ര ആരോഗ്യമന്ത്രാലയം നിയോഗിച്ച സംഘം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സന്ദർശനം നടത്തി. കർണാടകയിൽ 4047 പേർക്ക് ചിക്കുൻഗുനിയയും സ്ഥിരീകരിച്ചിട്ടുണ്ട്. പ്രതിരോധപ്രവർത്തനത്തിനായി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അതിനായുള്ള നിർദ്ദേശങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും കേന്ദ്ര ആരോഗ്യമന്ത്രാലയം വ്യക്തമാക്കി.

# മികച്ച പാസ്പോർട്ട് ഓഫീസുകളായി തിരുവനന്തപുരവും കൊച്ചിയും




കൊച്ചി. രാജ്യത്തെ ഏറ്റവും മികച്ച സേവനം നൽകുന്ന പാസ്പോർട്ട് ഓഫീസുകളായി കൊച്ചിയും തിരുവനന്തപുരവും തെരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രവിദേശകാര്യ മന്ത്രാലയമാണ് റാങ്കിങ് നടത്തിയത്. എ വിഭാഗത്തിൽ കൊച്ചിയും ബി വിഭാഗത്തിൽ തിരുവനന്തപുരവുമാണ് ഒന്നാമത്. ബി വിഭാഗത്തിൽ മലപ്പുറവും കോഴിക്കോടുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ളത്. നാലു ലക്ഷത്തിലധികം അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ഓഫീസുകളാണ് എ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലും വേരിഫിക്കേഷനിലും വിതരണത്തിലും ജീവനക്കാർ പുലർത്തിയ പരിശ്രമമാണ് വിജയത്തിനു പിന്നിലെന്ന് അധികൃതർ വ്യക്തമാക്കി.

# തിരുവനന്തപുരം- ചെന്നൈ ജലഗതാഗതം വരുന്നു



ചെന്നൈ. ചെന്നൈയെയും തിരുവനന്തപുരത്തെയും ബന്ധിപ്പിച്ച് ജലഗതാഗത പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ നീക്കം. പദ്ധതിയിൽ കന്യാകുമാരിയും നാഗപട്ടണവും ഉൾപ്പെടും.രാജ്യത്തെല്ലായിടത്തും പദ്ധതി വ്യാപിപ്പിക്കും. തമിഴ്നാടു സർക്കാരുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തിവരികയാണ്. കന്യാകുമാരി, നാഗപട്ടണം വഴി തിരുവനന്തപുരത്തും ചെന്നൈയിലുമുള്ള തീരദേശഗ്രാമങ്ങളെ ബന്ധിപ്പിക്കും. പദ്ധതി നിലവിൽ വരുന്നതോടെ തീരദേശ ജില്ലകൾ തമ്മിൽ മികച്ച ആശയവിനിമയം സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# തിരുവനന്തപുരത്തും സ്മാർട്ട് സിറ്റി വരുന്നു



ന്യൂഡൽഹി . ഇന്ത്യൻ നഗരങ്ങൾ വീണ്ടും സ്മാർട്ടാകുന്നു. സ്മാർട്ട് സിറ്റിയിൽ ഇടം പിടിച്ച് കൊച്ചിയ്ക്കു പിന്നാലെ തിരുവനന്തപുരവും. കേന്ദ്രസർക്കാർ പദ്ധതിയായ അമൃത് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലാണ് തിരുവനന്തപുരവും ഉൾപ്പെട്ടിരിക്കുന്നത്. മുപ്പതു നഗരങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. തമിഴ്നാട്ടിൽ നിന്ന് നാലു നഗരങ്ങളാണ് സ്മാർട്ട് സിറ്റികളാക്കാൻ പോകുന്നത്. കശ്മീരിന്റെ തലസ്ഥാനമായ ജമ്മു ശ്രീനഗറും ഉൾപ്പെടെ ഇപ്പോൾ അമൃത് പദ്ധതി നടപ്പാക്കുന്ന നഗരങ്ങളുടെ എണ്ണം തൊണ്ണൂറായി ഉയർന്നു. 57,393 കോടി രൂപയാണ് 30 നഗരങ്ങൾക്കായി കേന്ദ്രം നൽകുന്നത്. കൂടാതെ സംസ്ഥാന സർക്കാർ, നഗരസഭ എന്നിവയും നിശ്ചിതവിഹിതം നൽകണം.

# പിവൈപിഎ എംപവറിംഗ് ദ എക്സലൻസ് പ്രോഗ്രാം



കുമ്പനാട്. ഐ പി സിയുടെ പുത്രികാ സംഘടനയായ പി വൈ പി എയുടെ എംപവറിംഗ് ദ എക്സലൻസ് പ്രോഗ്രാം ജൂലൈ 9 ന് നടത്തപ്പെടുന്നു. കുമ്പനാട് ഐ പി സി ഹെബ്രോൻ ചാപ്പലിൽ വച്ചു നടക്കുന്ന മീറ്റിംഗ് ജലവിഭവമന്ത്രി മാത്യു ടി തോമസ് ഉദ്ഘാടനം ചെയ്യും. ജൂലൈ 9 ഞായറാഴ്ച 3 മണിയ്ക്കു നടക്കുന്ന മീറ്റിംഗിൽ ഗാനശുശ്രൂഷ നിർവഹിക്കുന്നത് ഡോ. ബ്ലസ്സൻ മേമനയാണ്. ഒപ്പം ക്രോസ്സ്റോഡ് ബാൻഡും ഗാനശുശ്രൂഷയിൽ ഉണ്ടായിരിക്കും.



റ്റോമി ഫിലിപ്, ദോഹ

# നുഴഞ്ഞുകയറ്റം തടയാം

സാമ്പത്തീകമേഖലയും വാണിജ്യമേഖലയുമെല്ലാം ഇന്റർനെറ്റിന്റെ സഹായത്തോടെ മാത്രം നടക്കുന്ന രീതിയിലേക്ക് ലോകം മാറിക്കഴിഞ്ഞു. എന്നാൽ ഇതിനെയൊക്കെ നിയന്ത്രിക്കുവാൻ പിന്നാമ്പുറത്തു നിഗൂഡമായ കരങ്ങൾ ഉള്ളതായി അടുത്തസമയത്ത് നടക്കുന്ന വൈറസ് ആക്രമണങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ സുഖസൗകര്യങ്ങളുടെ പുറകെ ഓടിക്കൊണ്ടിരിക്കുന്ന മനുഷ്യന് സമാധാനം സന്തോഷം, സംതൃപ്തി ഇവയൊക്കെ അന്യമായിക്കൊണ്ടിരിക്കുന്നു. തിരക്കിട്ടുള്ള ഓട്ടത്തിനിടയിൽ സഹജീവികളെ മറക്കുകയും തട്ടിത്തെറിപ്പിക്കുകയും ചെയ്താലും കുഴപ്പമില്ല, തങ്ങളുടെ ഭൗതീകലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടണം എന്നത് മാത്രമാണ് ഇക്കൂട്ടരുടെ ചിന്ത. നഗ്നനായി ലോകത്തിലേക്കു വന്ന മനുഷ്യൻ നഗ്നനായിത്തന്നെ വിടവാങ്ങേണ്ടിവരും. ഈ തിരിച്ചറിവ് ലഭിക്കുമ്പോഴേക്ക് ഒരുപക്ഷേ ജീവിതസായാഹ്നത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ടാവും . ഏറ്റവും അധികം സ്വപ്നങ്ങളും പദ്ധതികളും സൂക്ഷിക്കപ്പെട്ടിരിക്കുന്നത് കുഴിമാടത്തിലാണ് എന്ന് ചിന്തകർ പറഞ്ഞുകേൾക്കാറുണ്ട്. ജീവിതത്തിൽ സ്രഷ്ടാവായ ദൈവത്തെ അറിയുവാനും ദൈവസാന്നിധ്യത്തിൽ ജീവിക്കുവാനും കഴിയുന്ന ഭക്തന്മാർ ഇവിടെയാണ് വേറിട്ടൊരു അനുഭവം വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ പ്രതിനിധിയായി ഏറ്റവും ശ്രേഷ്ഠമായൊരു പദവി നൽകിയാണ് ദൈവം മനുഷ്യനെ ഭൂമിയിൽ ആക്കിവച്ചത്. എങ്കിലും ദൈവം നൽകിയ മുൻകരുതലുകളും അപായസൂചനകളും ഒന്നും കൂട്ടാക്കാതെ തോട്ടത്തിൽ നുഴഞ്ഞുകയറിയ സാത്താന്റെ കെണിയിലും കുടുക്കിലും പെട്ട് മനുഷ്യൻ ദൈവം നൽകിയ പദവികളും സ്ഥാനങ്ങളും ഉപേക്ഷിച്ചു. അനുസരണക്കേടിന്റെയും പാപത്തിന്റെയും അനന്തരഫലമായി ലോകത്തിൽ ദൈവത്തോട് അടുക്കുവാൻ കഴിയാതെ മാറ്റപ്പെട്ട അവസ്ഥയിൽ ദൈവത്തിന്റെ പരിഹാരമായിരുന്നു രക്തം മൂലമുള്ള വിമോചനവും വിശുദ്ധീകരണവും. ഇന്നും ആഗോളസാമ്പത്തീകമേഖലയെ നിയന്ത്രിക്കുന്ന ഏതോ കറുത്ത കരങ്ങൾ കടത്തിവിട്ട വൈറസ് വാണിജ്യസാമ്പത്തീക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആഘാതത്തിന്റെ അതേ അനുഭവങ്ങൾ തന്നെയാണ് ലോകമയത്വവും പാപവുമെല്ലാം മനുഷ്യനിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. ദൈവത്തെ അറിഞ്ഞവരെ പോലും വഞ്ചിക്കുവാൻ കഴിയുന്ന നുഴഞ്ഞുകയറ്റത്തെ ഓർപ്പിച്ച് അപായസൂചനകൾ നൽകി പൗലോസ് പറയുമ്പോൾ സർപ്പം ഹവ്വയെ ചതിച്ചതുപോലെ ക്രിസ്തുവിലുള്ള ഏകാഗ്രതവിട്ട് ഭക്തർ മാറുമോ എന്നുള്ള ഭയവും ആശങ്കയും പങ്കുവെയ്ക്കുന്നുണ്ടല്ലോ. ഇന്നത്തെ സാഹചര്യത്തിൽ ഒന്നിലും ഏകാഗ്രതയില്ലാതെ ഏതോ ഒരു മായികലോകത്തിൽ ജീവിക്കുന്ന പുതിയ തലമുറ മൂല്യങ്ങൾ നഷ്ടപ്പെട്ടു, വ്യക്തിബന്ധങ്ങൾക്ക് വിലകൽപ്പിക്കാതെ ഒരു സ്ഥായിയായ സ്വഭാവം പ്രകടമാക്കാൻ കഴിയാത്ത നിലയിൽ മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു. ഭൂരിഭാഗം ആളുകളെയും വിശകലനം ചെയ്താൽ എല്ലാവരും അവരുടെ മൂഡിനനുസരിച്ചാണ് സ്വഭാവം പ്രകടമാക്കുന്നത്. മൂഡുണ്ടെങ്കിൽ സംസാരിക്കും, ചിരിക്കും, സ്നേഹഭാവം പ്രകടിപ്പിക്കും. എന്നാൽ മൂഡില്ലെങ്കിൽ ഇതൊന്നും ചെയ്യുവാൻ സാധിക്കുന്നില്ല. ഈ മൂഡിനെ നിയന്ത്രിക്കുന്ന ഘടകം ശാരീരികമാകാം, മാനസീകമാകാം. എന്നാൽ ആത്മീകമായ മൂഡില്ലായ്മ നാം ശ്രദ്ധിക്കേണ്ടതും ഗൗരവമായി കാണേണ്ടതുമാണ്. ദൈവത്തിന് ഗതിഭേദങ്ങളാലുള്ള ആച്ഛാദനം ഇല്ല, ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ, മാറാത്തവൻ എന്നൊക്കെ ദൈവവചനം നമ്മെ പരിചയപ്പെടുത്തുമ്പോൾ ദൈവവുമായി സജീവബന്ധത്തിൽ നിൽക്കുന്ന ഭക്തർക്ക് ഏകാഗ്രതയിൽ നിന്നുള്ള വീഴ്ച തന്നെയാണ് ദൈവസന്നിധിയിലെ അവരുടെ മാറ്റങ്ങൾക്ക് കാരണമായി മാറുന്നത്. ദൈവത്തിൽ നിന്നും അകന്നു പോയ മനുഷ്യർക്ക് ഈ ലോകത്തിൽ അൽപ്പം മാത്രം അധികാരമുള്ള ഇനിയും എന്നേക്കും നശിപ്പിക്കപ്പെടുവാനുള്ള പിശാചിന്റെ നിയന്ത്രണം ഉണ്ടാകുന്നു എന്നു നാം അറിയണം. പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ മനുഷ്യന് നിത്യരക്ഷ നൽകാൻ വന്ന ക്രിസ്തു നാഥൻ ലോകയാത്രയിൽ പിതാവിനോട് സംസാരിക്കുകയും പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണസാന്നിധ്യവും നിറവും നിയന്ത്രണവും ഉള്ളവനായിട്ടാണ് ഈ ലോകത്തിൽ ജീവിച്ചത് എന്ന ചിന്ത നമ്മുടെ ഹൃദയത്തിൽ ഗൗരവമായി ഉണ്ടാകേണ്ടതാണ്. ലോകത്തിന്റെ ഗതിവിഗതികളിൽ നാശോന്മുഖമായി തീർന്നുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ഏതു മേഖലയിൽ നോക്കിയാലും നാം കാണുന്നത്. ഇവിടെ സമാധാനവും സ്വസ്ഥതയും സന്തോഷവും ലഭിക്കുവാൻ ചുറ്റുപാടുകളിൽ ഉള്ള സ്രോതസ്സുകളിൽ കണ്ണുനട്ടിരുന്നാൽ നാം പരാജയപ്പെടുകയേ ഉള്ളു. ലോകം തരാത്ത സമാധാനം ഞാൻ നൽകാം എന്ന് വാഗ്ദത്തം ചെയ്ത കർത്താവ് നിരാശകളും പ്രതികൂലങ്ങളും നിറഞ്ഞ ലോകത്തിൽ വിജയകരമായി ജീവിച്ച് ഇന്നു സ്വർഗ്ഗത്തിൽ മഹിമയിൽ ഇരിക്കുന്നു എന്നുള്ളത് നമ്മുടെ ഏതു നിരാശകളിലും ആശയും പ്രത്യാശയും നൽകുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ ലോകത്തിൽ ഒരു ജയജീവിതം നയിക്കുവാൻ കർത്താവു പറഞ്ഞ വചനങ്ങൾ അനുസരിച്ചു പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ജീവിക്കുന്ന ഭക്തർക്കു കഴിയും. ക്രിസ്തു വിലുള്ള ഏകാഗ്രതയെ ഹനിക്കുന്ന എല്ലാ നുഴഞ്ഞുകയറ്റങ്ങളെയും തടഞ്ഞുവെക്കത്തക്കനിലയിൽ പ്രതിരോധം തീർക്കുവാൻ വ്യക്തികളായി കുടുംബങ്ങളായി സഭകളായി സമൂഹങ്ങളായി നമുക്ക് പ്രാർത്ഥിക്കാം.



> ഇന്നത്തെ സാഹചര്യത്തിൽ ഒന്നിലും ഏകാഗ്രതയില്ലാതെ ഏതോ ഒരു മായികലോകത്തിൽ ജീവിക്കുന്ന പുതിയ തലമുറ മൂല്യങ്ങൾ നഷ്ടപ്പെട്ടു. വ്യക്തി ബന്ധങ്ങൾക്ക് വില കൽപ്പിക്കാതെ ഒരു സ്ഥായിയായ സ്വഭാവം പ്രകടമാക്കാൻ കഴി യാത്ത നിലയിൽ മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു

എൻ മൂസക്കുട്ടി.

നൂറ്റാണ്ടിനെ മാറ്റിമറിച്ച ഇന്ത്യാക്കാർ

# എം ജി രാമചന്ദ്രൻ

പ്രസിദ്ധ തമിഴ് സിനിമാനടനും രാഷ്ട്രീയ നേതാവും തമിഴ്നാട് മുഖ്യമന്ത്രി യുമായിരുന്ന എം ജി രാമചന്ദ്രൻ ശ്രീലങ്കയിലെ കാണ്ടിയിൽ 1917 ജനുവരി 17 ന് ജനിച്ചു. പാലക്കാട്ടു നിന്ന് ശ്രീലങ്കയിൽ താമസമാക്കിയ ഒരു മലയാളി കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. ദാരിദ്ര്യം മൂലം തമിഴ്നാട്ടിലെ കുംഭകോണത്തേക്ക് കുടിയേറി പാർത്തു. ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത അദ്ദേഹം കുട്ടിക്കാലത്ത് തൊഴിലന്വേഷിച്ചു നടന്നു നാടകനടനായി. നാടകത്തിൽ നിന്നും സിനിമയിലേക്കു പ്രവേശിച്ച അദ്ദേഹം തമിഴ്സിനിമയിൽ ആധിപത്യം പുലർത്തി. സാമൂഹ്യ സാംസ് കാരിക,



രാഷ്ട്രീയരംഗങ്ങളിൽ തനതായ ഒരു വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു എം ജി ആർ. ഡി എം കെയിൽ പ്രവർത്തിച്ച അദ്ദേഹം അണ്ണാദുരൈയുടെ ഏറ്റവും അടുത്ത സഹകാരിയായി. അണ്ണാദുരൈയുടെ മരണശേഷം പാർട്ടി പിളർന്നപ്പോൾ എം ജി ആർ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം എന്ന പുതിയ പാർട്ടിയുടെ നേതാവായി. എം ജി ആറിനോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതിലൂടെ സ്പഷ്ടമാക്കിയ തമിഴ് ജനതയുടെ താരാരാധന ഇത്ര വലിയൊരളവിൽ ഇന്ത്യയിലെ വേറൊരു നേതാവിനും ലഭിച്ചിട്ടില്ല.

# ഗംഗാ നദിയെ മലിനമാക്കുന്നവർക്ക് ഏഴുവർഷം തടവ്



ന്യൂഡൽഹി . ഗംഗാനദിയെ മലിനമാക്കുന്നവർക്കായി ഏഴു വർഷം തടവുശിക്ഷ നൽകുന്നതിനുള്ള നീക്കവുമായി കേന്ദ്രം. തടവുശിക്ഷയ്ക്കു പുറമേ 100 കോടി രൂപ പിഴ ഈടാക്കാനാണ് ശുപാർശ. 2017ൽ പാസാക്കിയ ദേശീയ ബിൽ അനുസരിച്ച് ജലമലിനീകരണത്തിനു പുറമേ ജലപ്രവാഹം തടയുക, അനുവാദമില്ലാതെ ജട്ടികൾ നിർമ്മിക്കുക, നദീതടത്തിൽ കുഴികളുണ്ടാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നിയമലംഘനമായി കണക്കാക്കും. ഗംഗാനദിയെ വ്യക്തിയായി പരിഗണിക്കുന്ന നിയമം വന്നതിനു പിന്നാലെയാണിത്. ഇതോടെ വ്യക്തിയ്ക്കു ലഭിക്കാവുന്ന എല്ലാ പരിഗണനയും ഗംഗാനദിയ്ക്ക് ലഭിക്കും. ഗംഗയുടെ പോഷകനദികളെയും ഇത്തരത്തിൽ സംരക്ഷിക്കണമെന്ന് ബില്ലിൽ ആവശ്യപ്പെടുന്നുണ്ട്. ബില്ലിന്റെ കരടു രൂപം ജലവിഭവ മന്ത്രാലയത്തിനു കൈമാറി. ബിൽ പാസായശേഷം ആറുമാസം ഇതിനാവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തും.

# യുവാക്കൾക്കായി പ്രധാനമന്ത്രിയുടെ പുസ്കതം




ന്യൂഡൽഹി. പ്രധാനമന്ത്രി നരേന്ദ്രമോദി യുവാക്കൾക്കായി പുസ്തകം രചിക്കുന്നു. ഏറെ ജനകീയമായ മൻ കീ ബാത്ത് എന്ന പരിപാടിയ്ക്കു പിന്നാലെയാണ് പുസ്തകരചന. പെൻഗ്വിൻ റാൻഡം ഹൗസ് ആണ് പുസ്തകപ്രസാധകർ. രാജ്യത്തുള്ള വിദ്യാർത്ഥികളെ മുഴുവൻ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു പ്രധാനമന്ത്രിയുടെ ആദ്യത്തെ സംരംഭമാണിത്. മനസ്സിന്റെ സമചിത്തത നിലനിർത്തുന്നതിനും പരീക്ഷകൾ നേരിടുമ്പോഴുണ്ടാകുന്ന സമ്മർദ്ദത്തെ അതിജീവിക്കുന്നതിനും സഹായിക്കുന്ന പുസ്തകം വിവിധ ഭാഷകളിൽ പുറത്തിറക്കും. എസ് എസ് എൽ സി , പ്ലസ്ടു വിദ്യാർത്ഥികൾക്ക് ആവശ്യമായ മേഖലകളിലെ വിവരങ്ങളാകും പുസ്തകത്തിൽ ഉൾപ്പെടുത്തുക. മാർക്കിനുവേണ്ടിയുള്ള അറിവു കൂടാതെ ഭാവിയിലെ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ വിദ്യാർത്ഥികളെ മനസിലാക്കുന്നതിനും പുസ്തകം സഹായിക്കുമെന്ന് അധികൃതർ വ്യക്തമാക്കുന്നു.

# രാജ്യത്ത് പുതിയ പാസ്പോർട്ട് സേവാകേന്ദ്രങ്ങൾ ആരംഭിക്കുന്നു




ന്യൂഡൽഹി. രാജ്യത്ത് ആകമാനമായി 149 പുതിയ പാസ്പോർട്ട് സേവാകേന്ദ്രങ്ങൾ ആരംഭിക്കാൻ കേന്ദ്രതീരുമാനം. കേരളത്തിൽ ഇടുക്കിയിലും ചെങ്ങന്നൂരിലുമാണ് പുതിയ കേന്ദ്രങ്ങൾ വരുന്നത്. ജില്ലയിലെ പ്രധാന പോസ്റ്റോഫീസുകളിലാണ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. ഇരുകേന്ദ്രങ്ങളും കൊച്ചിയിലെ കേന്ദ്രത്തിന്റെ കീഴിലായിരിക്കും പ്രവർത്തിക്കുന്നത്. 50 കിലോമീറ്ററിൽ കൂടുതൽ പാസ്പോർട്ടിനായി സഞ്ചരിക്കേണ്ടുന്ന സാഹചര്യം ഉണ്ടാകരുതെന്നാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി സുഷമാ സ്വരാജ് വ്യക്തമാക്കി. ഒന്നാംഘട്ടത്തിൽ 86 കേന്ദ്രങ്ങൾ ആരംഭിക്കും. ഇതിന്റെ ഭാഗമായി ഇത്തരം 52 സേവാകേന്ദ്രങ്ങൾ രാജ്യത്ത് പ്രവർത്തിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ ബാക്കിയുള്ളവകൂടി പ്രവർത്തിച്ച് തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. ബി ജെ പി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 77 പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ മാത്രമാണ് പ്രവർത്തിച്ചിരുന്നതെന്നും ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാണ് സർക്കാർ ശ്രമമെന്നും മന്ത്രി വ്യക്തമാക്കി.

# വിദേശത്തുള്ളവർക്ക് ഒരു വർഷം മുമ്പുതന്നെ ടിക്കറ്റ് ബുക്ക് ചെയ്യാനുള്ള സംവിധാനവുമായി റയിൽവേ




ന്യൂഡൽഹി. വിദേശത്തുള്ള ആളുകൾക്ക് ഒരു വർഷം മുമ്പുതന്നെ ടിക്കറ്റു ബുക്കു ചെയ്യാൻ സംവിധാനം ഒരുക്കി റയിൽവേ. നിലവിൽ 120 ദിവസം മുമ്പ് വരെ ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനമായിരുന്നു ഉണ്ടായിരുന്നത്. എൻ ആർ ഐ യാത്രക്കാരെയും വിദേശികളെയും ആകർഷിക്കുക എന്നതാണ് റയിൽവേയുടെ ലക്ഷ്യം. മുൻകൂട്ടി യാത്രകൾ പ്ലാൻ ചെയ്യുന്നവർക്ക് പുതിയ സംവിധാനം ഗുണകരമാകുമെന്നാണ് കണക്കുകൂട്ടൽ. തേജസ്സ്, ഗതിമാൻ, ശതാബ്ദി, രാജധാനി, മെയിൽ എക്സ്പ്രസ്സ് എന്നീ ട്രെയിനുകളിലെ എസി സെക്കന്റ് എസി ടിക്കറ്റുകൾ ബുക്കു ചെയ്യുന്നതിന് സാധിക്കും. ഡെബിറ്റ് ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കാൻ സാധിക്കുന്നതിനാൽ നേരിട്ട് ടിക്കറ്റ് ബുക്കിംഗ് സാധ്യമാകും. ഐ ആർ ടി സി സൈറ്റിലാണ് ടിക്കറ്റ് ബുക്ക് ചെയ്യുന്നത്. അതിൽ വിസയുടെയും പാസ്പോർട്ടിന്റെയും വിവരങ്ങൾ, മൊബൈൽ നമ്പർ എന്നിവ നൽകണം

# ബസ് ഡ്രൈവർമാർ നിയമം ലംഘിച്ചാൽ ശിക്ഷിക്കപ്പെടും



യു പി. വാഹനമോടിക്കുന്നതിനിടെ നിയമം ലംഘിച്ചാൽ ശിക്ഷിക്കാനൊരുങ്ങി യുപി സർക്കാർ. വാഹനം ഓടിക്കുന്നതിനിടെ ഫോണിൽ സംസാരിക്കുകയോ മറ്റു തരത്തിൽ നിയമം ലംഘിക്കുന്ന തരത്തിൽ പെരുമാറുകയോ ചെയ്യുന്നവരുടെ ഫോട്ടോ എടുക്കുന്നവർക്ക് സമ്മാനങ്ങൾ നൽകും.വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഉപയോഗിക്കുന്നത് സംബന്ധിച്ച് നിരവധി പരാതികളാണ് ലഭിക്കുന്നത്. പദ്ധതി യാത്രക്കാർ ഇരുകൈകളും നീട്ടി സ്വീകരിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള നിയമം നടപ്പിലാക്കുക വഴി ഡ്രൈവർമാർ ഉത്തരവാദിത്വ ബോധമുള്ളവരാവുകയും നിയമലംഘനം ചൂണ്ടിക്കാണിക്കുവാനുള്ള അധികാരം ലഭിച്ചതിൽ ജനങ്ങൾ സംതൃപ്തരാവുകയും ചെയ്യും. നിയമലംഘിതർക്ക് ആറു മാസം തടവും ആയിരം രൂപ പിഴയുമാണ് ലഭിക്കുന്നത്. എന്നാൽ നിയമലംഘനങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടാറില്ല. ഇതിന് പരിഹാരമായാണ് പുതിയ ആശയം മുന്നോട്ടു വച്ചിട്ടുള്ളത്. ഇത് വാഹനമോടിക്കുന്നവരുടെ അശ്രദ്ധ കുറച്ച് അവരെ ഉത്തരവാദിത്വമുള്ളവരാക്കിത്തീർക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ദൃഷ്ടാന്തം

ചാക്കോ തോമ്മാ

# നിങ്ങളായിരിക്കും ആ ഏകവ്യക്തി



ഇന്ത്യയിൽ റയിൽവേ കമ്പനിയിൽ എൻജിനീയറായിരുന്ന ഒരുവൻ സംബന്ധിച്ചു വന്ന പള്ളിയിൽ ഒരു സാധാരണ വിശ്വാസിയും പോകുന്നത് പതിവായിരുന്നു. ഈ എൻജിനീയറോട് കർത്താവിനെക്കുറിച്ച് പറയുവാൻ വിശ്വാസി പ്രേരിപ്പിക്കപ്പെട്ടു. ഒരു രാത്രിയിൽ വളരെ സമയം വൈകിയെങ്കിലും എൻജിനീയറുടെ ഭവനത്തിൽ കടന്നുചെന്ന് കർത്താവിനെക്കുറിച്ച് പറഞ്ഞു. എൻജിനീയർ കർത്താവിനെ രക്ഷിതാവായി അംഗീകരിച്ചു. അടുത്ത യാഴ്ച അദ്ദേഹത്തോട് കൂടുതൽ സംസാരിക്കുവാൻ പരിശുദ്ധാത്മാവ് ഈ യുവവിശ്വാസിക്കു പ്രേരണ നൽകി. എൻജിനീയർക്ക് പല സംശയങ്ങളും പരിഹരിക്കേണ്ടത് ആവശ്യമായിരുന്നു. വിശ്വാസി തിരുവചനം അടിസ്ഥാനമാക്കി വളരെയധികം അവനെ ധൈര്യപ്പെടുത്തി. അവൻ വളരെ സന്തോഷിച്ചു. അടുത്ത ദിവസം അവന്റെ പള്ളിയിൽ സാക്ഷി പറഞ്ഞു. കേട്ടവരെല്ലാം അവന്റെ സാക്ഷി നിമിത്തം ദൈവത്തെ സ്തുതിക്കുകയും സന്തോഷിക്കുകയും ചെയ്തു. പിറ്റേ ആഴ്ച ഈ യുവവിശ്വാസി ബിസിനസ് സംബന്ധിച്ചുള്ള ഒരു വിദൂരയാത്രയ്ക്കു പോയി. ഒരു മാസത്തിനു ശേഷം മടങ്ങിവന്നപ്പോൾ യുവാവായിരുന്ന എൻജിനീയർ മരിച്ചുപോയി എന്നു കേട്ടു. യുവാവ് മുട്ടിൻമേൽ നിന്ന് ആ എൻജിനീയറുടെ ആത്മാവിനെ നേടുവാൻ സന്ദർഭം ലഭിച്ചതിനായി ദൈവത്തെ പുകഴ്ത്തി.

ദൈവമക്കളായ നമ്മൾ എത്ര ആത്മാക്കളുടെ കാര്യത്തിന് ഉത്തരവാദിത്വം വഹിക്കേണ്ടതായി വരും.

ചിരിയും ചിന്തയും

ഡോ. ജോർജ്ജ് സാമുവേൽ

# പ്രധാനവിഷയത്തിന്റെ ഗൗരവം ഇല്ലാതെ പോകുന്നു

ഒരാൾ അമിതവേഗത്തിൽ കാറോടിച്ച കാരണത്താൽ പോലീസ് തടഞ്ഞു . ലൈസൻസ് ചോദിച്ചപ്പോൾ കാലാവധി കഴിഞ്ഞെന്ന് പറഞ്ഞു. ഇൻഷുറൻസിന്റെ കാര്യം ചോദിച്ചപ്പോഴും അതിന്റെ കാലാവധി കഴിഞ്ഞെന്നാണ് പറഞ്ഞത്. എന്നാൽ കാലാവധി കഴിഞ്ഞ രേഖകൾ കാണിക്കുവാൻ ആജ്ഞാപിച്ചു. അവ ഡാഷിനുള്ളിൽ അടച്ചുവച്ചിരിക്കുകയാണെന്നും ഒരു കൈത്തോക്കും കൂടെയുണ്ടെന്നും പറഞ്ഞു. തോക്കിന് ലൈസൻസുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നും പ്രസ്തുത തോക്ക് ഉപയോഗിച്ച് സ്ത്രീയെ അല്പ സമയം മുമ്പ് വെടിവെച്ചു കൊന്നു എന്നും മറുപടി പറഞ്ഞു. സ്ത്രീയുടെ ശരീരം എവിടെ എന്നു ചോദിച്ചതിന് അത് കാറിന്റെ ഡിക്കിയിൽ ഉണ്ട് എന്നും പറഞ്ഞു. ഇതു കേട്ട മാത്രയിൽ ഒരു വലിയ കുറ്റകൃത്യം കണ്ടുപിടിച്ച ഭാവത്തിൽ പോലീസുകാരൻ തന്റെ മേലുദ്യോഗസ്ഥന് സന്ദേശമയച്ച് അദ്ദേഹത്തെ സംഭവസ്ഥലത്ത് വരുത്തി. മേലുദ്യോഗസ്ഥൻ ഡ്രൈവറോട് ഡിക്കിയിൽ സ്ത്രീയുടെ ശവമുണ്ടോ എന്നു ചോദിച്ചപ്പോൾ ഡിക്കി തുറന്ന് ശവശരീരമില്ല എന്നു കാണിച്ചുകൊടുത്തു. ഡാഷ് ബോക്സിൽ ഉണ്ടെന്നു പറഞ്ഞ തോക്കിന്റെ



കാര്യം ചോദിച്ചപ്പോൾ അതു തുറന്ന് തോക്കില്ല എന്ന് കാണിച്ചുകൊടുത്തു. അതിൽ ഇരുന്ന രേഖകൾ പരിശോധിച്ചപ്പോൾ കാലാവധി തീർന്നിട്ടില്ല എന്നും മനസ്സിലായി. കേസ്സെടുക്കാതെ മേലുദ്യോഗസ്ഥൻ പോകാൻ തുടങ്ങിയപ്പോൾ ഡ്രൈവർ തൊടുത്തുവിട്ട ചോദ്യം ഞാൻ അമിത വേഗത്തിലാണ് കാറോടിച്ചതെന്ന് പോലീസുകാരൻ പറഞ്ഞില്ലേ ?അതിന് ഇല്ല എന്ന് മേലുദ്യോഗസ്ഥൻ മറുപടി നൽകി.

പ്രധാനവിഷയം കണക്കിലെടുക്കാതെയാണ് ചിലപ്പോൾ അനുബന്ധവിഷയങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്നത്. കലഹങ്ങളും കൊലപാതകങ്ങളും പോലും ചിലപ്പോൾ പ്രധാനവിഷയത്തെച്ചൊല്ലി ആയിരിക്കില്ല. പ്രധാനവിഷയത്തെ അപ്രസക്തമാക്കുന്ന നിലയിലായിരിക്കാം ചിലപ്പോൾ യാതൊരു കഴമ്പുമില്ലാത്ത കാര്യങ്ങൾക്കായി സമയം ചെലവഴിക്കുന്നത്.

കഥ

ജോസ് വഴുതനപ്പിള്ളി

# ഒരു അമേരിക്കൻ കോർട്ട് സീൻ

പഴയകാലത്ത് മിസ്സിസ്സിപ്പി നദിയിലൂടെ ചരക്കുകപ്പൽ വലിയ വാണിജ്യസാധ്യതകളോടെ ഓടിച്ചിരുന്നു. നദിക്കു കുറുകെ ഒരു പാലം പണിത് റോക്ക് ദ്വീപിനെ പ്രധാന കരഭാഗവുമായി ബന്ധിപ്പിക്കുക എന്ന ഒരു പ്ലാൻ തയാറാക്കിയപ്പോഴേക്കും ചരക്കുവാണിജ്യരംഗത്തെ വൻസ്വാധീനശക്തിയുള്ള സമ്പന്നന്മാർ എതിർപ്പുമായി രംഗത്തു വന്നു. നിങ്ങളിവിടെ പാലം പണിതാൽ ഞങ്ങൾക്കു ഇതിലേ സ്വച്ഛമായി ചരക്കുഗതാഗതം നടത്താനാവില്ല എന്നതായിരുന്നു അവരുടെ വാദം. കോടികൾ ചെലവഴിച്ച് അവർ കോടതിയിൽ വാദമുഖങ്ങൾ നിരത്തി. അമേരിക്കയിലെ സുപ്രസിദ്ധമായ ഒരു ലോയർ കമ്പനിയാണ് അവരുടെ കേസു വാദിച്ചത്. പാവം റോക്ക് ദ്വീപുകാരുടെ വക്കീലാകട്ടെ ഒരു കറുത്ത വർഗ്ഗക്കാരൻ. അലക്ഷ്യമായി താടി വളർത്തിയ ഒരു കൃശഗാത്രൻ. വാണിജ്യപ്രതിനിധികളുടെ ലോയർ അരങ്ങു തകർത്തു. റോക്ക് ദ്വീപിന്റെ കെയ്സ് പൊളിയും എന്ന് ജനങ്ങൾക്കുറപ്പായി. അവരുടെ കൃശഗാത്രനായ വക്കീൽ എഴുന്നേറ്റ് ആദ്യം മറുഭാഗം വക്കീലിനെ അഭിനന്ദിച്ചു. വളരെ ശക്തിയുക്തമായി വാദമുഖങ്ങൾ അക്കമിട്ട് അവതരിപ്പിച്ചതിന്- അത്ഭുതപ്പെടുത്തുന്ന വാചാലതയ്ക്ക്. എന്നിട്ട് ഈ പാവം വക്കീൽ പറഞ്ഞുതുടങ്ങി. എനിക്കു ചോദിക്കാനുള്ളത് മറ്റൊരു കാര്യമാണ്. അവകാശങ്ങൾക്കും നീതിയ്ക്കും വേണ്ടി നിലകൊള്ളുന്ന കോടതിയോടാണ് ചോദ്യം. നദിയിലൂടെ ബോട്ടുകൾ ഓടിക്കാനും ചരക്കു കടത്തുവാനും മനുഷ്യർക്കു യാത്ര ചെയ്യാനുമുള്ള അവകാശത്തെ മാനിച്ചു കൊണ്ടു തന്നെയാണ് ചോദ്യം. ഈ പാലത്തിലൂടെ വരികയും പോവുകയും ചെയ്യേണ്ട മനുഷ്യരുടെ അവകാശമോ നദിയാത്രക്കുള്ള അവകാശമോ ഏതാണു കൂടുതൽ പ്രാധാന്യമർഹിക്കുന്നത്?വക്കീലിന്റെ വാദദൈർഘ്യം വെറും മൂന്നു മിനിറ്റായിരുന്നു. അയാളുടെ പേര് ഏബ്രഹാം ലിങ്കൻ. മർമ്മപ്രധാനമായ ഒരൊറ്റ ചോദ്യത്തിലൂടെ എതിർഭാഗത്തെ കൊമ്പുകുത്തിച്ചു. വിധി റോക്ക് ദ്വീപുകാർക്ക് അനുകൂലമായിരുന്നു.

ഇതിൽ നിന്ന് നമുക്കു ലഭിക്കുന്ന പാഠമിതാണ്. കാര്യങ്ങൾ കുറേയെറെ വലിച്ചു നീട്ടിയിട്ട് യാതൊരു പ്രയോജനവുമില്ല. പറയാനുള്ളവ കാര്യമാത്ര പ്രസക്തമായി ചുരുങ്ങിയ വാക്കുകളിൽ കുറിക്കുകൊള്ളും വിധം പറയാൻ പഠിക്കണം. അത്ഭുതം വേണ്ട. അതു തന്നെയാണ് ഏബ്രഹാം ലിങ്കനെ ലോകം കണ്ട വാഗ്മികളുടെ മുൻനിരയിലെത്തിച്ചത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഗെറ്റിസ്ബർഗ് സ്പീച്ചിന്റെ ദൈർഘ്യം ഏതാനും മിനിറ്റുകൾ മാത്രമായിരുന്നു.

# കൊളസ്ട്രോൾ അകറ്റാൻ മുട്ടപ്പഴം

നമുക്ക് ഏറെ സുപരിചിതമായ പഴമാണ് മുട്ടപ്പഴം. മുട്ടപ്പഴം നിറയെ ഫൈബറുകൾ അടങ്ങിയിരിക്കുന്ന ഒന്നായതിനാൽ ശരീരത്തിലെ കൊളസ്ട്രോൾ കുറയ്ക്കുന്നതിന് അത്യുത്തമമാണെന്ന് പഠനങ്ങൾ. കൂടാതെ ശരീരത്തിൽ അമിതമായി അടങ്ങിയിരിക്കുന്ന കൊഴുപ്പ് നീക്കം ചെയ്യുന്നതിനും ഫൈബർ സഹായിക്കുന്നു. കൂടാതെ മലബന്ധം, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയവ നിയന്ത്രിച്ചു നിർത്തുന്നതിന് മുട്ടപ്പഴം അത്യുത്തമമാണ്. കരോട്ടിൻ, വിറ്റാമിൻ എ, ബീറ്റാ കരോട്ടിൻ, അയൺ തുടങ്ങി നിരവധി പോഷകങ്ങളാണ് മുട്ടപ്പഴത്തിൽ അടങ്ങിയിരിക്കുന്നത്. ധാരാളം ആന്റിഓക്സിഡന്റുകൾ ഉള്ളതിനാൽത്തന്നെ ശരീരത്തിന് ഉന്മേഷം നൽകുന്നതിനും മുട്ടപ്പഴത്തിന് കഴിവുണ്ട്. മുട്ടപ്പഴത്തിൽ അടങ്ങിയിരിക്കുന്ന ബീറ്റാകരോട്ടിൻ കണ്ണിന്റെ ആരോഗ്യത്തിനും തലമുടി വളരുന്നതിനും സഹായിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന ഇരുമ്പ് രക്തത്തിലെ ഓക്സിജന്റെ അളവ് വർധിപ്പിക്കുന്നതിനാൽ ഓർമ്മശക്തി വർധിപ്പിക്കുന്നു

# ജോലി ചെയ്യാൻ മന്ത്രമോതിരം



**വാഷിങ്ടൺ.** ജോലി ചെയ്യാൻ സഹായിക്കുന്ന മോതിരവുമായി അമേരിക്കൻ സ്റ്റാർട്ടപ്പ് കമ്പനിയായ ടോക്കൈനെസ്. ടോക്കൻ എന്നാണ് ഈ മോതിരത്തിന്റെ പേരു നൽകിയിരിക്കുന്നത്. സ്മാർട്ട് വാച്ചിന്റേതിനു സമാനമായ സ്മാർട്ട് റിംഗാണ് ഇത്. കമ്പ്യൂട്ടറിൽ സൈൻ ഇൻ ചെയ്യുക, പണമിടപാട് നടത്തുക, കാർ സ്റ്റാർട്ട് ചെയ്യുകയും വാതിലുകൾ തുറക്കുകയും ചെയ്യുക തുടങ്ങി നിരവധി കാര്യങ്ങൾ ടോക്കൻ നിയന്ത്രിക്കും. മാസ്റ്റർ കാർഡ്, മൈക്രോസോഫ്റ്റ് തുടങ്ങിയ കമ്പനികളാണ് റിംഗിനു പിന്നിൽ 16000 രൂപയാണ് ടോക്കന് വില. ചാർജ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കും. പണമിടപാടുകളുടെ സുരക്ഷയ്ക്കും ആധികാരികതയ്ക്കുമായി ഒരു ഫിങ്കർപ്രിന്റ് സെൻസർ സ്ഥാപിച്ചിട്ടുണ്ട്.

# സന്ദേശങ്ങൾ തിരിച്ചെടുക്കാൻ സംവിധാനവുമായി വാട്സാപ്പ്




**വാഷിംഗ്ടൺ.** വാട്സാപ്പിൽ സന്ദേശമയയ്ക്കും.അയച്ചു കഴിഞ്ഞ ശേഷമായിരിക്കും പോയത് മറ്റൊരാൾക്കാണെന്ന് മനസ്സിലാകുന്നത്. പിന്നെയുണ്ടാകുന്ന പൊല്ലാപ്പുകൾ നിരവധിയാണ്. എന്നാൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് പ്രതിവിധിയായി റീകോൾ എന്ന സംവിധാനം അവതരിപ്പിക്കാനൊരുങ്ങുകയാണ് വാട്സാപ്പ്. ടെക്സ്റ്റ് മെസേജുകൾ, വീഡിയോ, ഇമേജ് ഇവയെല്ലാം നമുക്ക് ഈ സംവിധാനത്തിലൂടെ പിൻവലിക്കാൻ സാധിക്കും. സന്ദേശം അയച്ച് അഞ്ചുമിനിറ്റിനകം പിൻവലിച്ചില്ലെങ്കിൽ പിന്നീട് റീകോൾ ചെയ്യാൻ കഴിയും. വാട്സാപ്പിന്റെ പുതിയ പതിപ്പ് ഉടൻ പുറത്തിറങ്ങുമെന്നാണ് പ്രതീക്ഷ. റീകോൾ ഫീച്ചർ ഇതിൽ ഉൾപ്പെടുത്തുമെന്നും സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ ഫീച്ചർ ആക്ടിവേറ്റ് ചെയ്യുമെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

# വിസ ലഭിക്കാൻ പുതിയ ചട്ടങ്ങളേർപ്പെടുത്തി ട്രംപ്




**വാഷിങ്ടൺ.** അമേരിക്കയിൽ വിസയ്ക്ക് അപേക്ഷിക്കുന്നവർക്ക് പുതിയ ചട്ടങ്ങളുമായി ട്രംപ്. വിസ അപേക്ഷിക്കുന്നവർ ഇനിമുതൽ അഞ്ചുവർഷത്തെ സമൂഹമാധ്യമ ഇടപെടലിന്റെ വിവരങ്ങളും ജീവചരിത്രവും നൽകണം. മെയ് 23ന് ഓഫീസ് ഓഫ് ബജറ്റ് പുതിയ നിർദ്ദേശം അംഗീകരിച്ചു. 15 വർഷത്തെ ചരിത്രമാണ് നൽകേണ്ടത്. അമേരിക്ക സന്ദർശനത്തിനായി എത്തുന്നവരെ ഇതു പ്രതികൂലമായി ബാധിക്കും. പുതിയ ചട്ടത്തിനെതിരെ വിദ്യാഭ്യാസ മേഖലയിലുള്ളവരും അക്കാദമിക് മേഖലയിലുള്ളവരും രംഗത്തെത്തി. അന്താരാഷ്ട്ര വിദ്യാർത്ഥികൾ ശാസ്ത്രജ്ഞർ തുടങ്ങിയവരൊക്കെ രാജ്യത്തെത്തുന്നതിന് കാലതാമസം ഉണ്ടാകുമെന്ന് ഇവർ വ്യക്തമാക്കുന്നു. പാസ്പോർട്ടുകളുടെ നമ്പർ, ഇ മെയിൽ വിലാസം, ഫോൺനമ്പറുകൾ, 15 വർഷത്തെ ജോലി, യാത്ര തുടങ്ങി എല്ലാവിവരങ്ങളും ഉൾപ്പെട്ട ജീവചരിത്രമാണ് നൽകേണ്ടത്.

# വീടുകൾക്ക് ബലമേകാൻ ടയർ



**ബ്രിട്ടൻ.** കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് കോൺഗ്രീറ്റിനോടൊപ്പം ടയറും ഉപയോഗിക്കുന്നത് ബലം വർധിപ്പിക്കുന്നുവെന്ന് ഗവേഷകർ. മണലും സിമന്റും വെള്ളവും ഉപയോഗിക്കുന്നതിനോടൊപ്പമാണ് ടയർറീസൈക്കിൾ ചെയ്തെടുത്ത ഫൈബർ ഉപയോഗിക്കുന്നതിലൂടെയാണ് കോൺഗ്രീറ്റിന്റെ ബലം വർധിക്കുന്നത്. യുണിവേഴ്സിറ്റി ഓഫ് ബ്രിട്ടീഷ് കൊളംബിയയിലെ ഗവേഷകരാണ് കണ്ടെത്തലിനു പിന്നിൽ. ഇത്തരത്തിലുള്ള സാങ്കേതികവിദ്യയിലൂടെ കെട്ടിടങ്ങൾക്ക് 90 ശതമാനം അധികം ബലം ലഭിക്കും. യു ബി സി സിവിൽ എഞ്ചിനീയറിംഗ് വിഭാഗം പ്രഫസറായ നേമി ബാന്ത്യയാണ് ഗവേഷണത്തിനു നേതൃത്വം നൽകിയത്. റോഡുകളും പാലങ്ങളും ഡാമുകളുമെല്ലാം ഇ തുപ യോഗിച്ചാൽ ഇരട്ടി ഉറപ്പും ബലവും ലഭിക്കും. മാത്രമല്ല കെട്ടിടങ്ങളുടെ ചുമരുകൾക്ക് വിള്ളലുണ്ടാകുമെന്ന പേടിയുടെ ആവശ്യമില്ലെന്നും ഗവേഷകർ വ്യക്തമാക്കുന്നു. ഓരോ ടയറിൽ നിന്നും ഒരു കിലോ ഫൈബർ വരെ ലഭിക്കുമെന്നതിനാൽ ഇതിന്റെ ഉപയോഗം നിർമ്മാണ മേഖലയ്ക്ക് വലിയ മുതൽക്കൂട്ടാകും.

# ചൊവ്വയിലെ പാറയിൽ ലോഹത്തരികളുടെ സാന്നിധ്യമെന്ന്



**വാഷിങ്ടൺ.** ചൊവ്വയിൽ നിന്നുള്ള പാറയുടെ സാമ്പിളുകളിൽ ലോഹത്തിന്റെ സാന്നിധ്യം കണ്ടെത്തി. ചൊവ്വയിൽ നടന്നിട്ടുള്ള പരിസ്ഥിതിമാറ്റത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് കണ്ടെത്തൽ. 350 കോടിയിൽപരം വർഷങ്ങൾക്കു മുമ്പ് ചൊവ്വയിൽ നിലവിലുണ്ടായിരുന്ന തടാകത്തിലെ വെള്ളത്തിൽ സ്ഥിതി ചെയ്തിരുന്ന പാറകളുടെ കഷണങ്ങളാണ് പരിശോധനയ്ക്കായി ശേഖരിച്ചത്. ഇത് വിശദമായി പരിശോധിച്ചപ്പോൾ ആദ്യകാലത്ത് ചൊവ്വയും ഭൂമിയെപ്പോലെ മെല്ലെ തണുക്കുകയായിരുന്നു എന്നു വ്യക്തമായതായി നാസയിലെ ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നു. ഭൂമിയിലും 350 കോടി വർഷങ്ങൾക്കു മുമ്പാണ് ജീവന്റെ സാന്നിധ്യം കണ്ടെത്തിയതെന്നും അതേസമയത്ത് ചൊവ്വയിലും ജീവസാന്നിധ്യം ഉണ്ടായിരുന്നോ എന്നത് സംശയിക്കുന്നുവെന്നും ഗവേഷകർ വ്യക്തമാക്കുന്നു.